# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

01-07-2013 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4887

## എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ : | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനായി ഏതെല്ലാം കേഡറിൽ എത്ര തസ്തികകൾ സൃഷ്ടിച്ചു ; എത്ര കേസുകളുടെ അന്വേഷണച്ചുമതല ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു ; വിശദമാക്കുമോ ; | എ) ഇല്ല. |
| ബി) എക്സൈസ് ഗാർഡ് തസ്തികകളിലേക്ക് നിശ്ചിത ശതമാനം വനിതാ ഗാർഡുമാരെ നിയമിക്കാനുള്ള നടപടികൾ പൂർത്തിയായോ ; പൂർത്തിയായെങ്കിൽ നിയമന നടപടികൾ എന്ന് ആരംഭിക്കും ; എക്സൈസ് സ്ക്വാഡിന്റെ ഇപ്പോഴത്തെ സാംഗ്ഷൻഡ് സ്ട്രെംഗ്ത് എത്രയെന്ന് അറിയിക്കുമോ ; ഇപ്പോൾ എത്ര പേരുടെ വേക്കൻസി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ? | ബി) എക്സൈസ് ഗാർഡ് തസ്തികകളിലേയ്ക്ക്, നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ള, കേഡർ സ്ട്രെങ്ങ്തിന്റെ 97% ന്റെ 10 % ഒഴിവുകൾ, വനിതകൾക്കായി നീക്കി വച്ചിട്ടുള്ളതും ടി ഒഴിവുകൾ പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആണ്. പി.എസ്.സി., ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമന നടപടി ആരംഭിക്കുന്നതാണ്.<br><br>സംസ്ഥാനത്ത് ആകെയുള്ള എക്സൈസ് സ്ക്വാഡുകളുടെ സാംഗ്ഷൻഡ് സ്ട്രെങ്ങ്ത് താഴെപ്പറയുന്ന പ്രകാരമാണ്.<br>സർക്കിൾ ഇൻസ്പെക്ടർ - 14<br>എക്സൈസ് ഇൻസ്പെക്ടർ - 14<br>പ്രിവന്റീവ് ഓഫീസർ - 47<br>സിവിൽ എക്സൈസ് ഓഫീസർ - 195<br>ഡ്രൈവർ - 14<br><br>ആയതിൽ 14 സിവിൽ എക്സൈസ് ആഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ